പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2991 15.02.2013 ൽ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാല ബിരുദതല പരീക്ഷ സമ്പ്രദായത്തിൽ മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാല , ബിരുദ തല പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ ; | (എ) | ഇക്കാര്യം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിലാണ്. |
| (ബി) | സ്വാശ്രയ കോളേജുകളിലേതടക്കമുള്ള 1,3,5 സെമസ്റ്റർ പരീക്ഷകൾ അദ്ധ്യാപകർ നടത്തി അവർതന്നെ മൂല്യനിർണ്ണയം നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ; | (ബി) | ഇല്ല |
| (സി) | ഇത്തരം നടപടിയിലൂടെ ബിരുദ വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണവും കച്ചവടവൽക്കരണവും നടക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) & (ഡി) | മുൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിൽ ചൂണ്ടികാണിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പുതുതായി ചുമതലയേറ്റ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, പ്രൊഫ. ബി. ഹൃദയകുമാരിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ 1,3,5 എന്നീ സെമസ്റ്റർ പരീക്ഷകൾ, സർവ്വകലാശാലകൾ തയ്യാറാക്കുന്ന ചോദ്യപ്പേപ്പറുകൾ ഉപയോഗിച്ച് കോളേജുകൾക്ക് തന്നെ നടത്താവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു. മൂല്യ നിർണ്ണയത്തിന് ഇപ്പോൾ സംഭവിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് ഈ ശുപാർശ സമർപ്പിച്ചത്. ഇതു കാരണം വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണം സംഭവിക്കുമെന്ന് സർക്കാർ കരുതുന്നില്ല |
| (ഡി) | ഇത്തരം ഒരു തീരുമാനത്തിലെത്താനിടയാക്കിയ സാഹചര്യം എന്താണ് ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ